*ഇ.മെയിൽ: 'dmekerala@gmail.com* *ഫോൺ: (ഓഫീസ് ) : 2528575*
*ഫാക്സ് : 0471-2443080* *2444270*
*ഗ്രാം: ' DIRMEDEN'* ഡയറക്ടർ: 2444011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

*മെഡിക്കൽ കോളേജ്. പി.ഒ,*
*തിരുവനന്തപുരം –695 011*

---

**നമ്പർ. ബി 6/73/2018/മെ.വി.വ.** **തീയതി: 16/06/2018**

# പത്രക്കുറിപ്പ്

ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2018 -19
(പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് മാത്രം)

മെഡിക്കൽ വിദ്യാഭാസ വകുപ്പിന്റെ കീഴിൽ പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി തിരുവനന്തപുരം /കോട്ടയം / കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന **ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ്, 2018-19** ലേക്കുള്ള പ്രവേശനത്തിനു വേണ്ടി അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഓപ്ഷണൽ വിഷയങ്ങളായും, ഇംഗ്ലീഷ് നിർബന്ധിത വിഷയമായും 40% മാർക്കോടുകൂടി +2 പരീക്ഷ പാസായിരിക്കണം. +2 ന് ശേഷം ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നും ANM കോഴ്സ് പാസായവർക്കും അപേക്ഷിക്കാവുന്നതാണ്.

അപേക്ഷകർ 2018 ഡിസംബർ 31 ന് 17 വയസ്സ് പൂർത്തിയാക്കുന്നവരും 35 വയസ്സ് കഴിയാത്തവരും ആയിരിക്കണം. ANM കോഴ്സ് പാസ്സായവർക്ക് പ്രായപരിധി ബാധകമല്ല.

മൂന്ന് ശതമാനം സീറ്റ് 40 % മുതൽ 50 % വരെ ശാരീരിക വൈകല്യമുള്ളവർക്ക് സംവരണം ചെയ്തിട്ടുണ്ട് .

അപേക്ഷ ഫോറവും, പ്രോസ്പെക്ടസും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.dme.kerala.gov.in.)നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷകർ അപേക്ഷ ഫീസായ **100** രൂപ **0210-03-105-99** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതും, പൂരിപ്പിച്ച അപേക്ഷയോടൊപ്പം അസ്സൽ ട്രഷറി ചെല്ലാൻ സമർപ്പിക്കേണ്ടതുമാണ്.

പൂരിപ്പിച്ച അപേക്ഷകൾ ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അസ്സൽ ട്രഷറി ചെല്ലാൻ, എസ് .എസ്. എൽ.സി., പ്ലസ് ടു / തത്തുല്യം, ജാതി, സ്വദേശം/താമസം, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം (പ്രോസ്പെക്ട്സ് പേജ് നമ്പർ '7' ഖണ്ഡിക'17') 2018 ജൂലായ് 25–ാം തീയതിക്ക് മുൻപായി തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. വൈകി കിട്ടുന്നതും നിർദിഷ്ട രീതിയിൽ പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിലും(www.dme.kerala.gov.in.), GNM-2018 പ്രോസ്പെക്ട്സിലും ലഭ്യമാണ്. ഈ ഓഫീസുമായി ബന്ധപ്പെടുവാനുള്ള ടെലിഫോൺ നമ്പർ: 0471 2528575

Sd/-

ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (എം)

പകർപ്പ്:

1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ് , തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ് , തിരുവനന്തപുരം
3. ആദിവാസി മഹാസഭ , ആദിവാസി ഭവൻ, വിതുര, തിരുവനന്തപുരം
4. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
5. ആകാശവാണി, തിരുവനന്തപുരം / കോഴിക്കോട്
6. ദൂരദർശൻ, തിരുവനന്തപുരം / കോഴിക്കോട്
7. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / തൃശൂർ / കോഴിക്കോട് / എറണാകുളം
8. ഡി.എം.ഇ.-യുടെ സി.എ. ( വെബ്സൈറ്റിൽ പ്രസിദ്ധിക്കരിക്കുന്നതിന് )
9. ഡി എം ഇ / ജെ ഡി എം ഇ (എം & ജി )/ ജെ ഡി എൻ ഇ എന്നിവരുടെ സി എ മാർക്ക്
10. നോട്ടീസ് ബോർഡ്
11. സർജന്റ്

rk